കേരള സർക്കാർ

നം. 526/ ഡി സി.1/2020/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,തീയതി: 27.05.2021

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ഖര-ദ്രവ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന/ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ഇത് സംബന്ധിച്ച വിഷയങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൗൺസിൽ യോഗത്തിനുള്ള അജണ്ടയിൽ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്.

സൂചന: ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 30.03.2021 ന് ചേർന്ന റിവർ റീജുവനേഷൻ സ്റ്റേറ്റ് ലെവൽ കമ്മിറ്റി യോഗത്തിലെ തീരുമാനം നമ്പർ 3.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് എന്നിവ സംസ്ഥാനത്ത് അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണൽ വിവിധ OA കളിൽ കർശനമായ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രമല്ല സംസ്ഥാനത്ത് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് എന്നിവയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഖര-ദ്രവ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ നിരീക്ഷിച്ച് വരുന്നുമുണ്ട്. കൂടാതെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് എന്നിവയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഖര-ദ്രവ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിന് ബഹു നാഷണൽ ഗ്രീൻ ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയും ആയതിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും പിഴ ഈടാക്കുന്നതടക്കമുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ വ്യക്തമാക്കിയിട്ടുണ്ട്.

2 അതത് പ്രദേശങ്ങളിൽ ഖര-ദ്രവ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതിന്റെ നിയമപരമായ ഉത്തരവാദിത്തം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്നതിനാൽ ഇക്കാര്യം ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇടപെടലുകൾ

നടത്തേണ്ടത് അത്യാവശ്യമാണ്. മേൽ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് എന്നിവയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഖര-ദ്രവ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന/ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ഇത് സംബന്ധിച്ച വിഷയങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൗൺസിൽ യോഗത്തിനുള്ള അജണ്ടയിൽ കൃത്യമായും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ തദ്ദേസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ ഈ വിഷയം അതത് തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരുടെ (മേയർ/ ചെയർമാൻ/പ്രസിഡന്റ്) ശ്രദ്ധയിൽ പെടുത്തേണ്ടതുമാണ്.

**ബിശ്വനാഥ് സിൻഹ ഐ.എ.എസ്.**
**പ്രിൻസിപ്പൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G& SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Ranikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്